ആഫീസർമാർ താരതമ്യം ചെയ്ത് റീകൺസിലിയേഷൻ നടത്തി സർക്കാരിന് സമർപ്പിക്കുന്നു. വായ്പകളുടെ പലിശ ഓരോ വർഷവും നാലു പാദങ്ങളിലായി സർക്കാർ അനുവദിക്കുന്നു. ഓരോ പാദത്തിന്റെയും അവസാന തീയതികളായ ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31, മാർച്ച് 31-ൽ അവസാനിക്കുന്ന വായ്പാ തുകയ്ക്ക് പലിശ കണക്കാക്കി ക്ലെയിം ചെയ്യുകയും ടി പലിശ തുക ഓരോ പാദത്തിന്റെയും തൊട്ടടുത്ത മാസം 15-ാം തീയതിക്കകം കേരള സംസ്ഥാന സഹകരണ ബാങ്കിന് നൽകുകയും ചെയ്യുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക് ടി മാസത്തിൽ തന്നെ പലിശ തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകുന്നു.

(ഡി) ഈ സാമ്പത്തിക വർഷം പലിശ ഇനത്തിൽ 31.77 കോടി രൂപയുടെ ധനസഹായം നൽകേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്.

ചകിരിയുടെ ലഭ്യത ഉറപ്പാക്കാൻ നടപടി

44(2286) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായത്തിന്റെ പ്രധാന ഘടകമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ ;

(ബി) ഇതിനായി പച്ചത്തൊണ്ടിന്റെ കാര്യക്ഷമമായ ശേഖരണത്തിന് തേങ്ങ ഉല്പാദിപ്പിക്കുന്ന എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും തൊണ്ട് ശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിക്കണമെന്ന നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ബ്ലോക്ക് തലത്തിൽ ഇത്തരം എത്ര കൺസോർഷ്യങ്ങൾ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത കൺസോർഷ്യങ്ങളുടെ മൂലധന സഹായമായി സർക്കാർ എന്ത് തുക ഇതുവരെ നൽകിയിട്ടുണ്ട് ;

(ഇ) ഈ വർഷം ഇത്തരത്തിൽ എത്ര പുതിയ കൺസോർഷ്യങ്ങൾകൂടി രൂപീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) ചകിരി ലഭ്യത ഉറപ്പാക്കാൻ ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. വലിയ തത്തിലുള്ള ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് സഹകരണ മേഖല കുടുംബശ്രീ, സി.ഡി.എസ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് 25 ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു.

3. സ്വകാര്യ സംരംഭകർക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപ അനുവദിച്ചു വരുന്നു. നിലവിലുള്ള മില്ലുകൾ പുനരുദ്ധരിക്കുന്നതിനും നവീകരിക്കാനും മേൽ പറഞ്ഞ വിഭാഗക്കാർക്കും യഥാക്രമം 15 ലക്ഷം 10 ലക്ഷം എന്നിങ്ങനെ അനുവദിച്ചുവരുന്നു.

4. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും മറ്റ് വിഭാഗക്കാർക്ക് സബ്സിഡി നിരക്കിലും അനുവദിച്ചു വരുന്നു.

5. ചകിരി ക്ഷാമം രൂക്ഷമായിരുന്ന അവസരത്തിൽ കൂടിയ വിലക്ക് ചകിരി വാങ്ങി അംഗസംഘങ്ങൾക്ക് 10 രൂപ നിരക്കിൽ കയർഫെഡ് വിതരണം ചെയ്തിട്ടുണ്ട്.

(ബി) സാധ്യമായ ബ്ലോക്കുകളിലെല്ലാം തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) 38 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഒരു കൺസോർഷ്യത്തിന് 5 ലക്ഷം വീതം 38 കൺസോർഷ്യങ്ങൾക്കായി 180 ലക്ഷം രൂപ അനുവദിച്ചു.

(ഇ) 2010-11 വർഷം 6 കൺസോർഷ്യങ്ങൾ ആരംഭിച്ചിട്ടുണ്ട്. സാധ്യതയുള്ള ഇടങ്ങളിൽ കയർ വകുപ്പുതന്നെ മുൻകൈയെടുത്ത് കൺസോർഷ്യങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ

45(2297) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വിപണനത്തിനായി രൂപീകരിച്ച കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കയർ വിപണനം ശക്തിപ്പെടുത്തുന്നതിന് ഈ കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി ഇതുവരെ എന്തു തുകയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly